# മാളയും മുസിരിസ് പദ്ധതിയിലേക്ക്

**മുസിരിസ് പദ്ധതി ഉന്നതതല സംഘം പരിശോധന നടത്തി. മാളച്ചാലും യഹൂദ സിനഗോഗ്, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയവയും സംരക്ഷണപ്പട്ടികയിൽ.**

മാള ● ചരിത്രത്തിലേക്കുള്ള കവാടങ്ങൾ തുറക്കുന്നു; മാളയും മുസിരിസ് പൈതൃക പദ്ധതിയിലേക്ക്.

ആയിരത്താണ്ടു പാരമ്പര്യമുള്ള മാളയിലെ വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ പൈതൃക പദ്ധതിയുടെ പരിഗണനയിൽ. ക്രിസ്ത്യൻ മിഷനറിമാരും മുസ്‌ലിം സമൂഹവും യഹൂദരും ഗൗഡസാരസ്വതരും കുഡുംബികളും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് അഭയസ്ഥാനമായ മാളയിലെത്തിയ പ്രധാന ജലപാതയായിരുന്ന മാളച്ചാലും ഇനി പൈതൃക ഭൂമികയിൽ ഇടംപിടിക്കും.

യഹൂദ സിനഗോഗ്, ശ്മശാനം, മാളത്തെരുവ്, ഗൗഡസാരസ്വതരുടെ ആരാധനാലയമായ മുകുന്ദകൃഷ്ണ ക്ഷേത്രം, കൃഷ്ണൻകോട്ടയിലെ നെടുംകോട്ടയോടു ചേർന്നുള്ള ഗുഹ, ചരിത്രാവശിഷ്ടങ്ങൾ എന്നിവയെല്ലാം ഇനി സംരക്ഷണപ്പട്ടികയിലുണ്ടാകും. പദ്ധതിയുമായി ബന്ധപ്പെട്ടു പ്രത്യേക പരിശോധനാസംഘം ഇന്നലെ ചരിത്രസ്മാരകങ്ങൾ സന്ദർശിച്ചു.



പ്രാചീന കാലത്ത് മാളയിൽ എത്താനുള്ള ജലപാതയായ മാളച്ചാലിനു സമീപം മുസിരിസ് അധികൃതർ. മറ്റു രാജ്യങ്ങളിൽനിന്നു കൊണ്ടുവരുന്ന ചരക്കുകൾ ഇറക്കിയിരുന്നത് ഈ കടവിലാണ്.

മുസിരിസ് പദ്ധതി ആരംഭിച്ച കാലത്തുതന്നെ മാളയെയും സമീപപ്രദേശങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം ശക്തമായിരുന്നു. കൊടുങ്ങല്ലൂർ, പറവൂർ പ്രദേശങ്ങളിലെ സ്മാരകങ്ങളെക്കാൾ പഴക്കവും ചരിത്രപരമായ പ്രാധാന്യവും മാളയിലും സമീപപ്രദേശങ്ങളിലുമുള്ള സ്മാരകങ്ങൾക്കുണ്ടെന്നു പ്രാദേശിക ചരിത്രവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ മുൻപേ അവകാശപ്പെട്ടിരുന്നു. എന്നാൽ ഇതൊന്നും പരിഗണിക്കാതെയാണ് ആദ്യഘട്ടത്തിൽ പ്രോജക്ട് തയാറാക്കിയത്. ടി.എൻ. പ്രതാപൻ എംഎൽഎ മുൻകൈ എടുത്ത് മാള, വെള്ളാങ്കല്ലൂർ പഞ്ചായത്തുകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയതോടെയാണ് ഇവിടത്തെ ചരിത്രസ്മാരകങ്ങളും പഠനവിഷയമായത്.

മുസിരിസ് പ്രോജക്ട് ചീഫ് കൺസൽട്ടന്റ് ബെന്നി കുര്യാക്കോസ്, മുസിരിസ് സ്പെഷൽ ഓഫിസർ കെ.എസ്. ഷൈൻ എന്നിവരാണു പരിശോധനയ്ക്കെത്തിയത്. മാളക്കടവ്, സിനഗോഗ്, മുകുന്ദകൃഷ്ണ ക്ഷേത്രം, കൃഷ്ണൻകോട്ട, പൊയ്യ വില്ലേജ് ഓഫിസ്, പ്രാചീന ക്ഷേത്രങ്ങൾ, കരൂപ്പടന്ന ചന്ത, മുസാഫരി ബംഗ്ലാവ് എന്നിവയെല്ലാം സംഘം സന്ദർശിച്ചു. ടി.എൻ. പ്രതാപൻ എംഎൽഎ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഇന്ദിര ശിവരാമൻ, റംല നൗഷാദ്, ബ്ലോക്ക് വൈസ് പ്രസിഡന്റ് എ.എ. അഷറഫ് ജനപ്രതിനിധികൾ എന്നിവരും കൂടെയുണ്ടായിരുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.



മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ടു മാളയിലെത്തിയ പഠനസംഘത്തിനു വേണുഗോപാല പൈ അറുപത്തഞ്ചു വർഷം പഴക്കമുള്ള തേങ്ങ കാണിക്കുന്നു.

## 65 വർഷം പഴക്കമുള്ള തേങ്ങ നൽകി സ്വീകരണം

മാള ● ചരിത്രമന്വേഷിച്ചെത്തിയ പഠനസംഘത്തിനു വാണിജ്യ സംസ്കാരത്തിന്റെ തെളിവായി 65 വർഷം പഴക്കമുള്ള തേങ്ങ നൽകി സ്വീകരണം.

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി മാളയിലെത്തിയ സംഘത്തിനാണ് ആദ്യകാല വെളിച്ചെണ്ണമില്ലിന്റെ ഇപ്പോഴത്തെ ഉടമ കോനേരി വേണുഗോപാലപൈ 1946ൽ മംഗലാപുരത്തുനിന്നു കൊണ്ടുവന്ന തേങ്ങ നൽകിയത്. 40 കൊല്ലം മുൻപു വരെ വലിയ പത്തേമാരികളിൽ മംഗലാപുരം, സിലോൺ എന്നിവിടങ്ങളിൽനിന്നു തേങ്ങ കൊണ്ടുവന്നിരുന്നതായി ഇവർ പറഞ്ഞു.

അതിപ്രാചീനകാലം മുതൽ വിദേശരാജ്യങ്ങൾക്കു മാളയുമായി വാണിജ്യബന്ധങ്ങളുണ്ടായിരുന്നു. കൃഷ്ണൻകോട്ട കായൽ വഴിയാണു വള്ളങ്ങൾ മാളച്ചാലിലെത്തിയിരുന്നത്.